ഉത്തരം

(എ) 15700.28 കോടി രൂപ.

(ബി) 2000 മാർച്ച് 31 ന് 18413.77 കോടി രൂപയായിരിക്കുമെന്ന് അനുമാനിക്കുന്നു.

(സി) കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) 1999-2000 ലെ ബജറ്റ് പ്രകാരം 9455.97 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 7198.12 കോടി രൂപ.

**11 (1052) കേരളാ ഓവർസീസ് റെസിഡെന്റ്സ് കോർപ്പറേഷൻ**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ സ്വകാര്യ മുലധനം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ വികസനപ്രവർത്തനങ്ങൾക്ക് സ്വകാര്യമൂലധനം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശമലയാളികളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുന്നതിൽ കേരള ഓവർസീസ് റെസിഡന്റ്സ് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് സർക്കാർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതി കണക്കുകൂട്ടിയിട്ടുള്ള 52,000 കോടി രൂപയുടെ മൊത്തം മുതൽ മുടക്കിൽ (1996-97 ലെ വിലസൂചിക പ്രകാരം) 28,900 കോടി രൂപ സ്വകാര്യമൂലധനം വഴിയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള ഇൻഡസ്ട്രിയിൽ റിവൈറ്റലൈസേഷൻ ഫണ്ട് എന്നീ സർക്കാർ ഏജൻസികൾ നടത്തിയിട്ടുള്ള ബോണ്ട് വഴിയുള്ള പണസമാഹരണത്തിൽ സ്വകാര്യസ്ഥാപനങ്ങളും നിക്ഷേപകരിൽപെടുന്നു.

(സി) ഇല്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly